## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1858 — 07/03/2017 ൽ മറുപടിക്ക്

### സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തിക

| ചോദ്യം: | | മറുപടി : |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
| (എ) എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ ജില്ലയിലും എത്ര പേരുടെ കുറവുണ്ട്; വ്യക്തമാക്കമോ; എം.എ. ഉമ്മൻ കമ്മിറ്റിയുടെ നിർദേശപ്രകാരം എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട്; വിശദമാക്കമോ; | (എ) | ഇല്ല. ഡോ. എം.എ ഉമ്മൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ ഓരോ ജില്ലയിലുമുള്ള പ്രസ്തുത തസ്തികയുടെ എണ്ണം എത്രയാണെന്നും ഇവരുടെ ചുമതലകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; പ്രസ്തുത തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ എത്ര പേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്; ഇവരുടെ ഓരോരുത്തരുടെയും പൂർണ്ണ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇവർ ഇപ്പോഴും സേവനം ചെയ്തു വരുന്നുണ്ടോ ; | (ബി) | എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II ജീവനക്കാരുടെ വിശദ വിവരം ചുവടെ അനുബന്ധമായി ചേർക്കുന്നു.<br><br>ആലപ്പുഴ ജില്ലയിൽ 23/04/2015 ൽ നിലവിൽ വന്ന സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ന്റെ റാങ്ക് ലിസ്റ്റിൽ ഹിന്ദു നാടാർ സമുദായത്തിന റിസർവ്വ് ചെയ്തിരുന്ന ടേണിൽ ടി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെ നിയമിക്കുന്നതിനായി പി.എസ്.സി എൻ.ഒ.സി ലഭ്യമായതിനെ തുടർന്ന് മേൽ സമുദായത്തിൽപ്പെട്ട ഒരു ഉദ്യോഗാർത്ഥിയെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പേര് : ദീപിക.എം,<br>വിലാസം : നൈപ്പള്ളി, പറവൂർ, പുന്നപ്ര നോർത്ത് (പി.ഒ), ആലപ്പുഴ<br>ഉത്തരവ് നമ്പരും തീയതിയും : ഉത്തരവ് നമ്പർ ഇ(2) 633/16/ഡിഐ തീയതി 23/01/2017<br><br>ടിയാൻ ഇപ്പോഴും ജോലി ചെയ്തു വരുന്നു. |
| (സി) | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും പ്ലാൻ മോണിട്ടർ ചെയ്യുന്നതിനും പദ്ധതികളുടെ നിർവഹണ അവലോകന സംവിധാനം കാര്യക്ഷമമാക്കുന്നതിനും എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും തദ്ദേശ | (സി) | ഇല്ല. ഈനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരേയും ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിയമിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | സ്വയം ഭരണ സ്ഥാപന ങ്ങളിൽ നിയമിക്കപ്പെട്ടി ട്ടുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തി കയിൽ ഉള്ള ആൾ പങ്കെടുക്കണമെന്ന് 04.02.2012 ലെ സർ ക്കാർ ഉത്തരവ് 23/2012/ LSGD മുഖേന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാ നത്തിൽ എത്ര സ്റ്റാറ്റിസ്റ്റിക്കൽ അസി സ്റ്റന്റ്മാരെ തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളിൽ നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | | |
| (ഡി) | സർക്കാരിന്റെ ഭൂരിഭാഗം പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ മുഖേന നടപ്പിലാക്കു ന്നതിനാൽ പ്ലാൻ മോണി ട്ടർ ചെയ്യുന്നതിനും പദ്ധ തികളുടെ നിർവഹണ അവലോകന സംവിധാ നം കാര്യക്ഷമമാക്കുന്നതി നും എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകു പ്പിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപന | (ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല |

| | | | |
|---|---|---|---|
| | ങ്ങളിൽ ഒരു പഞ്ചായത്തിൽ ഒരാളെന്ന നിലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയിൽ എം. എ. ഉമ്മൻ കമ്മിറ്റി യുടെ നിർദേശ പ്രകാരം നിയമിക്കുന്നതിനും തദനുസരണമായ തസ്തിക അടിയന്ത രമായി സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | | എണ്ണം | |
|---|---|---|---|
| ഹെഡ്ക്വാർട്ടേഴ്സ് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II | 81 | ഇ.എ.ആർ.എ.എസ്, പ്രൈസ്, കോസ്റ്റ് ഓഫ് കൾട്ടിവേഷൻ കാർഷിക സെൻസസ്, ലേബർ, ഹൗസിംഗ് എന്നീ സർവ്വേകൾ നടത്തി വിവരങ്ങൾ ശേഖരിക്കുന്നു. കൂടാതെ വകുപ്പ് നടത്തുന്ന അഡ്ഹോക് സർവ്വെകളും നടത്തിവരികയും ആഫീസ് സംബന്ധമായ മറ്റ് ജോലികളും ചെയ്തു വരികയും ചെയ്യുന്നു. |
| തിരുവനന്തപുരം | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II | 71 | |
| കൊല്ലം | ” | 35 | |
| പത്തനംതിട്ട | ” | 39 | |
| ആലപ്പുഴ | ” | 37 | |
| കോട്ടയം | ” | 30 | |
| ഇടുക്കി | ” | 37 | |
| എറണാകുളം | ” | 38 | |
| തൃശ്ശൂർ | ” | 63 | |
| പാലക്കാട് | ” | 74 | |
| മലപ്പുറം | ” | 78 | |
| കോഴിക്കോട് | ” | 37 | |
| വയനാട് | ” | 45 | |
| കണ്ണൂർ | ” | 61 | |
| കാസർഗോഡ് | ” | 40 | |

Sebu